# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2218 — 06.02.2019 -ൽ മറുപടിക്ക്.

### റേഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ.എൻ.എ ഖാദർ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) രൂക്ഷമായ റേഷൻ ക്ഷാമം വരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | പ്രസ്തുത സാഹചര്യം നിലവിലില്ല. |
| (ബി) ഭക്ഷ്യധാന്യങ്ങൾ റേഷൻകടകളുടെ വാതിൽപ്പടിയിൽ എത്തിച്ച് തൂക്കി നൽകുന്നതിൽ വ്യാപാരികളും കരാറുകാരും തമ്മിൽ തർക്കങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചില ഒറ്റപ്പെട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ചിട്ടുമുണ്ട്. |
| (സി) ഇപ്രകാരമുള്ള തർക്കങ്ങൾ റേഷൻ മുടങ്ങാൻ സാഹചര്യമൊരുക്കുന്നുവെന്നത് വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കാൻ അടിയന്തര നടപടി കൈക്കൊള്ളുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

(ഡി) ഓരോ മാസത്തെയും റേഷൻ വിഹിതം ഏതുദിവസത്തിന് മുമ്പായി കടകളിൽ എത്തിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്; ഇപ്പോൾ എന്നാണ് കടകളിൽ റേഷൻ ലഭ്യമാകുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എല്ലാ മാസവും 15-ാം തീയതിക്ക് മുമ്പായി വാതിൽപ്പടി വിതരണം പൂർത്തിയാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം ഗതാഗത സംവിധാനത്തെയും ധാന്യ സംഭരണ ശാലകളെയും ബാധിച്ച അവസരത്തിലും ചില സ്ഥലങ്ങളിൽ തൊഴിലാളി പ്രശ്നങ്ങളും ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ട് പുതുക്കുന്ന നടപടികളിലുണ്ടായ താമസവും വാതിൽപ്പടി വിതരണത്തെ ബാധിച്ചിരുന്നു. ഇപ്രകാരമുണ്ടായ കാലതാമസം തുടർന്നുള്ള മാസങ്ങളിൽ പരിഹരിച്ച് നിശ്ചിത സമയത്തിനുള്ളിൽ തന്നെ ഭക്ഷ്യധാന്യ വിട്ടെടുപ്പും വിതരണവും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പല കടകളിലും സമയത്ത് റേഷൻ ധാന്യങ്ങൾ എത്താത്തതിനാൽ ഗുണഭോക്താക്കൾക്ക് റേഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ഈ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

(ഇ) വാതിൽപ്പടി വിതരണത്തിന് കാലതാമസം നേരിടുന്ന താലൂക്കുകളിൽ ഗുണഭോക്താക്കൾക്കുള്ള റേഷൻ വിതരണത്തിന്റെ തീയതി നീട്ടി നൽകാറുണ്ട്. ആയതിനാൽ റേഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം നിലവിലില്ല.

**സെക്ഷൻ ഓഫീസർ**